**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1562  21-03-2012- ലെ മറുപടിക്ക്

## കവുങ്ങ് കർഷകരെ സഹായിക്കാനായി പ്രത്യേക പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | വിലയിടിവുമൂലം ദുരിതമനുഭവിക്കുന്ന കാസർകോഡ് ജില്ലയിലെ കവുങ്ങുകർഷകരെ സഹായിക്കാനായി പ്രത്യേകപാക്കേജ് നടപ്പാക്കിയിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കർഷക പാക്കേജ് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രത്യേകപാക്കേജിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; എത്ര രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; | (ബി) | ഈ പ്രത്യേക പാക്കേജിനായി 2011-2012 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ചിലവഴിച്ചിട്ടില്ല. |
| (സി) | പാക്കേജ് നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. അതനുസരിച്ച് അടയ്ക്കാ കൃഷി മുഖ്യ വരുമാന മാർഗ്ഗമാക്കിയിട്ടുള്ളതും പരമാവധി 4 ഹെക്ടർ വരെ കൃഷി ഭൂമിയുള്ളതുമായ കർഷകർക്ക് അടയ്ക്കാ മരത്തിൽ വേണ്ട പരിചരണങ്ങൾ നൽകുന്നതിൽ മരം ഒന്നിന് 10 രൂപ നിരക്കിൽ ഹേക്ടറിന് 13700/- രൂപയും ഒരു കർഷകന് പരമാവധി 25000/- രൂപയും ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പാക്കേജിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല എന്നാൽ പാക്കേജിന് ഭരണാനുമതിയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അംഗീകാരവും ലഭിച്ച സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കാസർഗോഡ് ജില്ലയിൽ നടത്തുകയുണ്ടായി. അതനുസരിച്ച് 48562 അപേക്ഷകൾ കൃഷിക്കാരിൽ നിന്നും ആനുകൂല്യങ്ങൾക്കായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ